# പതിമൂന്നാം കേരളനിയമസഭ

## ഒമ്പതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ</u>

ചോദ്യം നം.2359      19.06.2013 ൽ മറുപടിക്ക്

## പ്രൈവറ്റ് ആശുപത്രികളിൽ മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് സൗകര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കെ.ജയചന്ദ്രൻ: | | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജീവനക്കാരുടേയും അധ്യാപകരുടേയും മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ആനുകൂല്യം യഥാസമയം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകാമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾ കഴിയുന്നത്ര വേഗത്തിലാണ് കൈകാര്യം ചെയ്തു വരുന്നത്. കേരളാ ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസിലെ വ്യവസ്ഥകൾക്കനുസൃതമായാണ് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ് ക്ലെയിമുകൾ അനുവദിക്കുന്നത്. പ്രസ്തുത ക്ലെയിമുകൾ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അനുവദിച്ചു വരുന്നത്. |
| (ബി) | ഇടുക്കി ജില്ലയിൽ ഏതൊക്കെ പ്രൈവറ്റ് ആശുപത്രികളിൽ റീ-ഇമ്പേഴ്സ്മെന്റ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്; | (ബി) യും (സി) യും | ഇടുക്കി ജില്ലയിൽ താഴെപറയുന്ന സ്വകാര്യ ആശുപത്രികളെ അവയ്ക്ക് നേരെയുള്ള ചികിത്സാ വിഭാഗങ്ങൾക്ക് മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റിനായി അംഗീകരിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ സ്വകാര്യ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

| ക്രമ നം. | ആശുപത്രിയുടെ പേര് | ചികിത്സാ വിഭാഗം |
|---|---|---|
| 1 | സെന്റ് മേരീസ് ഹോസ്പിറ്റൽ, തൊടുപുഴ, ഇടുക്കി | റസ്പിറേറ്ററി, കാർഡിയോളജി, ഗാസ്ട്രോ എന്ററോളജി |
| 2 | ചാഴിക്കാട്ട് ഹോസ്പിറ്റൽ, തൊടുപുഴ, ഇടുക്കി | നെഫ്രോളജി, കാർഡിയോളജി, ന്യൂറോ സർജറി, ക്യാൻസർ |

| | | | | | |
|---|---|---|---|---|---|
| | | | 3 | ഹോളി ഫാമിലി ഹോസ്പിറ്റൽ, മുതലക്കോടം, തൊടുപുഴ, ഇടുക്കി | നെഫ്രോളജി, കാർഡിയോളജി, ന്യൂറോ സർജറി, കാൻസർ |

സെക്ഷൻ ഓഫീസർ